(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ എത്ര അസിസ്റ്റന്റ് എൻജിനീയർമാരുടെ ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ അതിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടന്നിട്ടുണ്ടോ;

(ഇ) എങ്കിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും പൂർണ്ണമായും നിയമനം നടത്തിയതിനുശേഷമാണോ എന്നു വിശദമാക്കുമോ;

(എഫ്) നിലവിലുള്ള മുഴുവൻ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളും നികത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ. ബോർഡിൽ അസിസ്റ്റന്റ് എൻജിനീയർ സിവിൽ വിഭാഗത്തിൽ 66 ഒഴിവുകളും അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ വിഭാഗത്തിൽ 529 ഒഴിവുകളും നിലവിൽ ഉണ്ട്.

(ബി) അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) റാങ്ക് ലിസ്റ്റ് നിലവിലില്ല. അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(സി) അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) വിഭാഗത്തിൽ 608 പേർക്ക് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നൽകിയിട്ടുണ്ട്.

(ഡി) സിവിൽ വിഭാഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തയിട്ടുണ്ട്.

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും പൂർണ്ണമായി നിയമനം നടത്തിയതിനുശേഷമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകിയിട്ടുള്ളത്.

(എഫ്) കോടതിയിൽ നിലവിലുള്ള കേസ്സിന്റെ തീരുമാനത്തിനു വിധേയമായി ഒഴിവുകൾ നികത്തുന്നതാണ്.

157 (2535) വൈദ്യുതിബോർഡിലെ ദിവസവേതനക്കാരായ ഡ്രൈവർമാർ

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡിലെ ദിവസ വേതനക്കാരായ ഡ്രൈവർമാരുടെ വേതനം എന്നാണ് അവസാനമായി പുതുക്കി നിശ്ചയിച്ചത്;

(ബി) മറ്റു വകുപ്പുകളിലെ സമാന ജീവനക്കാരുടെ വേതനം ഇപ്പോൾ പുതുക്കി നിശ്ചയിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്പോൾ പുതുക്കി നിശ്ചയിച്ച വേതനം വൈദ്യുതി ബോർഡിലെ ദിവസവേതനക്കാരായ ഡ്രൈവർമാർക്കുകൂടി നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദിവസ വേതനക്കാരായ ഡ്രൈവർമാരുടെ വേതനത്തിൽ നേരിയ വർദ്ധന 9-6-99 മുതൽ വരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സർക്കാർ വകുപ്പുകളിലെ ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിക്കുന്നത് വൈദ്യുതിബോർഡിൽ ബാധകമാക്കിയിട്ടില്ല. വൈദ്യുതി ബോർഡിൽ 1-7-98 മുതലുള്ള ശമ്പളപരിഷ്കരണം നടപ്പിലാക്കുമ്പോൾ ദിവസവേതനപരിഷ്കരണവും പരിഗണിക്കുന്നതാണ്.

158 (2536) വൈദ്യുതി ബോർഡിലെ മസ്ദൂർ നിയമനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ മസ്ദൂർ ആയി നിയമനം ലഭിച്ച ആരെങ്കിലും വർക്കിംഗ് അറേഞ്ചുമെന്റിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ ആരൊക്കെയാണെന്ന് പേരും ജോലിചെയ്യുന്ന സ്ഥലവും സഹിതം വ്യക്തമാക്കുമോ;

(സി) ഇങ്ങനെയുള്ള നിയമവിരുദ്ധമായ വർക്കിംഗ് അറേഞ്ചുമെന്റ് നിയമനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുപോലെയുള്ള നിയമവിരുദ്ധമായ വർക്കിംഗ് അറേഞ്ചുമെൻറ് നിയമനങ്ങൾ കേരള പി.എസ്.സി.യുടെ ഇപ്പോൾ നിലവിലുള്ള ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ നിയമന സാധ്യതയെ പ്രതികൂലമായി ബാധിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി),(സി),(ഡി)&(ഇ) പ്രസക്തമല്ല.

159 (2537) കാഷ്യർ തസ്തിക

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ കാഷ്യർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും 1999 മേയ് 31 വരെ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പി.എസ്.സി.യെ അറിയിച്ചിട്ടുള്ള പ്രസ്തുത ഒഴിവുകൾ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly